**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 414** **23-07-2021 - ൽ മറുപടിയ്ക്ക്**

**വനം വകുപ്പ് നിയോഗിച്ച അന്വേഷണ സംഘം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടന്ന വനംകൊള്ള അന്വേഷിക്കുന്നതിന് വേണ്ടി വനം വകുപ്പ് നിയോഗിച്ച അന്വേഷണ സംഘത്തിൽ നിന്നും ഏതെങ്കിലും അന്വേഷണ ഉദ്യോഗസ്ഥനെ മാറ്റിയിരുന്നോ; | (എ) | മാറ്റിയിട്ടുണ്ട്. |
| (ബി) | എങ്കിൽ അദ്ദേഹത്തെ അന്വേഷണ സംഘത്തിൽ നിന്നും മാറ്റിയതിനുള്ള കാരണം അറിയിക്കുമോ; | (ബി) | സംസ്ഥാനത്തെ LA പട്ടയഭൂമികളിൽ നിന്നിരുന്ന സർക്കാർ റിസർവ്വ് ചെയ്ത മരങ്ങൾ മുറിച്ച് നീക്കിയതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ടി വിവരം അന്വേഷിക്കുന്നതിനായി ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ 5 സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ രൂപീകരിച്ചു. സംസ്ഥാനത്ത് എല്ലാ വനം ഡിവിഷനുകളിലും അന്വേഷണം നടത്താനായി രൂപീകരിച്ച സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിൽ ഉൾപ്പെട്ടുത്തിയിരുന്ന തിരുവനന്തപുരം, കണ്ണൂർ ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷൻ ഫോറസ്റ്റ് ഓഫീസർമാർ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ കണ്ണൂർ ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിൽ നിന്നും ഒഴിവാക്കി. ടിയാന് നൽകിയിരുന്ന ഇടുക്കി, കോട്ടയം ജില്ലകളുടെ അന്വേഷണചുമതല തിരുവനന്തപുരം ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷൻ ഫോറസ്റ്റ് ഓഫീസർക്ക് നൽകുകയും, തിരുവനന്തപുരം ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷൻ ഫോറസ്റ്റ് ഓഫീസർക്ക് അന്വേഷണ ചുമതല നൽകിയിരുന്ന വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളുടെ ചുമതല ഇടുക്കി ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകുകയുണ്ടായി. കോഴിക്കോട് ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ എറണാകുളം, ഇടുക്കി ജില്ലകളുടെ ചുമതലയോടെ അന്വേഷണ ടീമിൽ ഉൾപ്പെട്ടുത്തിയിരുന്നു. എന്നാൽ അന്വേഷണ ടീം വിപുലീകരിക്കുന്നതിനുള്ള നിർദ്ദേശം വന്നപ്പോൾ ടി |

| | | | |
|---|---|---|---|
| | | | ഓഫീസറെ പ്രസ്തുത ചുമതലയിൽ നിന്നും ഒഴിവാക്കുകയുണ്ടായി. തുടർന്ന് അന്വേഷണ ടീം രണ്ടു ഫോറസ്റ്റ് കൺസർവേറ്റർമാരുടെ നേതൃത്വത്തിൽ വിപുലീകരിച്ചപ്പോൾ ആയതിലേയ്ക്ക് കോഴിക്കോട് ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) | ടിയാനെ വീണ്ടും അന്വേഷണ സംഘത്തിൽ ഉൾപ്പെടുത്തുക ഉണ്ടായോ; എങ്കിൽ ഇതിനുള്ള സാഹചര്യം വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്തെ LA പട്ടയഭൂമികളിൽ നിന്നിരുന്ന സർക്കാർ റിസർവ്വ് ചെയ്ത മരങ്ങൾ മുറിച്ച് നീക്കിയതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ടി വിവരം അന്വേഷിക്കുന്നതിനായി ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ 5 സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ രൂപീകരിച്ചു. സംസ്ഥാനത്ത് എല്ലാ വനം ഡിവിഷനുകളിലും അന്വേഷണം നടത്താനായി രൂപീകരിച്ച സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിൽ ഉൾപ്പെടുത്തി യിരുന്ന തിരുവനന്തപുരം, കണ്ണൂർ ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷൻ ഫോറസ്റ്റ് ഓഫീസർമാർ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ കണ്ണൂർ ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിൽ നിന്നും ഒഴിവാക്കി. ടിയാന് നൽകിയിരുന്ന ഇടുക്കി, കോട്ടയം ജില്ലകളുടെ അന്വേഷണചുമതല തിരുവനന്തപുരം ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷൻ ഫോറസ്റ്റ് ഓഫീസർക്ക് നൽകുകയും, തിരുവനന്തപുരം ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷൻ ഫോറസ്റ്റ് ഓഫീസർക്ക് അന്വേഷണ ചുമതല നൽകിയിരുന്ന വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളുടെ ചുമതല ഇടുക്കി ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകുകയുണ്ടായി. കോഴിക്കോട് ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ എറണാകുളം, ഇടുക്കി ജില്ലകളുടെ ചുമതലയോടെ അന്വേഷണ ടീമിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ അന്വേഷണ ടീം വിപുലീകരിക്കുന്നതിനുള്ള നിർദ്ദേശം വന്നപ്പോൾ ടി ഓഫീസറെ പ്രസ്തുത ചുമതലയിൽ നിന്നും ഒഴിവാക്കുകയുണ്ടായി. തുടർന്ന് അന്വേഷണ ടീം രണ്ടു ഫോറസ്റ്റ് കൺസർവേറ്റർമാരുടെ നേതൃത്വത്തിൽ വിപുലീകരിച്ചപ്പോൾ ആയതിലേയ്ക്ക് കോഴിക്കോട് ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ